**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1566** **07-02-2023 - ൽ മറുപടിയ്ക്ക്**

**ഭൂമിയുടെ ഡിജിറ്റലൈസേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.എം.സച്ചിൻദേവ്** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | ഭൂമിയുടെ അളവുകളും രേഖകളും ഡിജിറ്റലൈസേഷൻ ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്; വിശദമാക്കാമോ; | (എ) | ഭൂമിയുടെ അളവുകളും രേഖകളും ഡിജിറ്റലൈസേഷൻ ചെയ്യുന്നതിന്ന് വേണ്ടി സംസ്ഥാനത്ത് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. നിലവിലുള്ള പേപ്പർ മാപ്പുകൾ നശിക്കാതെ സംരക്ഷിക്കുന്നതിനും, റീസർവ്വെയുടെ ഭാഗമായി റഫറൻസ് മാപ്പായി ഉപയോഗിക്കുന്നതിനും, സംസ്ഥാനത്ത് ലഭ്യമായിട്ടുള്ള എല്ലാ പേപ്പർ മാപ്പുകളും സ്കാൻ ചെയ്തു സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>കൂടാതെ സംസ്ഥാനത്തെ ഭൂസംബന്ധമായ സേവനങ്ങൾ ആധുനിക വിവരവിനിമയ സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തി ഏറ്റവും സുതാര്യവും സുഗമവുമായ രീതിയിൽ കാലഘട്ടത്തിനനുസൃതയി ഓൺ ലൈൻ മുഖേന ജനങ്ങൾക്ക് ലഭ്യമാക്കുക, റവന്യൂ ഭരണം കൂടുതൽ സുഗമമാക്കുക, ഇനിയൊരു റീസർവ്വെ ആവശ്യമില്ലാത്ത വിധം മാപ്പുകൾ നാളതീകരിച്ച് പരിപാലിക്കുക, സർവ്വെ റവന്യൂ രജിസ്ട്രേഷൻ വകുപ്പുകളിലെ ഭൂസംബന്ധമായ സേവനങ്ങൾ ഏകീകൃത സംവിധാനത്തിലൂടെ നൽകുക തുടങ്ങിയ ലക്ഷ്യത്തോടെയാണ് ഏറ്റവും ആധുനിക സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തികൊണ്ട് സംസ്ഥാനത്തെ 1550 വില്ലേജുകൾ നാലു വർഷം കൊണ്ട് ഡിജിറ്റലായി സർവ്വെ ചെയ്യുന്നതിനുള്ള 858 കോടി രൂപയുടെ ബൃഹത് പദ്ധതിക്കാണ് സർക്കാർ വിഭാവനം ചെയ്ത് ആവിഷ്കരിച്ച് നടപ്പിലാക്കി കൊണ്ടിരിക്കുന്നത്. 2022 നവംബർ മാസം ഒന്നാം തീയതി സംസ്ഥാനത്ത് ആരംഭിച്ച ടി പദ്ധതിക്കായി ആദ്യ ഘട്ടത്തിൽ തെരഞ്ഞെടുക്കപ്പെട്ട 200 വില്ലേജുകളുടെ സർവ്വെ നടപടികൾ അതിവേഗം പുരോഗമിക്കുന്നുണ്ട്. ടി പദ്ധതി പ്രകാരം ആദ്യത്തെ മൂന്ന് വർഷങ്ങളിൽ 400 വില്ലേജുകൾ വീതവും, നാലാം വർഷം 350 വില്ലേജുകളും എന്ന രീതിയിൽ ആകെ 1550 |

| | | | |
|---|---|---|---|
| | | | വില്ലേജുകളുടെ ഡിജിറ്റൽ റീസർവ്വെ നാലു വർഷത്തിനുള്ളിൽ പൂർത്തിയാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. |
| (ബി) | കൊയിലാണ്ടി, താമരശ്ശേരി താലൂക്കുകളിലെ ഏതെല്ലാം വില്ലേജുകളിലാണ് ഡിജിറ്റൽ സർവ്വെ ആരംഭിച്ചിട്ടുള്ളത്; ഈ വില്ലേജുകളിലെ സർവ്വെ എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്നാണ് കരുതുന്നത്; | (ബി) | ഡിജിറ്റൽ റീസർവ്വെയുടെ ആദ്യഘട്ടത്തിൽ കോഴിക്കോട് ജില്ലയിൽ 16 വില്ലേജുകളാണ് തെരഞ്ഞെടുത്തിട്ടുള്ളത്, ഇതിൽ കൊയിലാണ്ടി താലൂക്കിലെ 8 വില്ലേജുകളും (അരിക്കുളം, മൂടാടി, ചെറുവണ്ണൂർ, എരവട്ടൂർ, തിക്കോടി, തുറയൂർ, നടുവണ്ണൂർ, ഉള്ളിയേരി), താമരശ്ശേരി താലൂക്കിലെ 2 (പുത്തൂർ, രാരോത്ത്) വില്ലേജുകളുമാണ് ഉൾപ്പെട്ടു വരുന്നത്. പ്രസ്തുത വില്ലേജുകളുടെ ഡിജിറ്റൽ റീസർവ്വെ പ്രവർത്തനം ആറ് മാസം കൊണ്ട് പൂർത്തിയാക്കുവാനാണ് ലക്ഷ്യമിടുന്നത്. |
| (സി) | സ്വകാര്യ വ്യക്തികളുടെ ഭൂമിയിൽ സർവ്വെ നടത്തുമ്പോൾ അവരുടെ സാന്നിധ്യം ഉറപ്പു വരുത്തണമെന്ന് നിർബന്ധമുണ്ടോ; ഇങ്ങനെ സർവ്വെ നടത്തുന്നതിനായി എന്തൊക്കെ തയ്യാറെടുപ്പുകളാണ് സ്വീകരിച്ചിട്ടുള്ളത്? | (സി) | ഒരു വില്ലേജിന്റെ റീസർവ്വെ ആരംഭിക്കുന്ന വിവരം സർവ്വെ ബൗണ്ടറീസ് ആക്ട് സെക്ഷൻ പ്രകാരം 6(1) പരസ്യം നൽകിയാണ് പ്രസ്തുത പ്രദേശത്ത് റീസർവ്വെ ആരംഭിക്കുന്നത്. സംസ്ഥാനത്ത് ആരംഭിച്ചിട്ടുള്ള ഡിജിറ്റൽ റീസർവ്വെ പൂർണ്ണ പൊതു ജന പങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ച് വരുന്നത്. സർവ്വെ രേഖകൾ പരിശോധനയ്ക്കായി ലഭ്യമാക്കുന്നതിനും, തങ്ങളുടെ ഭൂമിയിലെ അതിർത്തികളിലെ കാടുകൾ വെട്ടിതെളിച്ച് സഞ്ചാര യോഗ്യമാക്കുന്നതിനും, സർവ്വെയർ ഫീൽഡിൽ വരുമ്പോൾ അതിർത്തികൾ കൃത്യമായി കാണിച്ച് കൊടുക്കുന്നതിനും ഭൂവുടമസ്ഥരുടെ സാന്നിധ്യം സർവ്വെ പ്രവർത്തനം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് വളരെ സഹായകരമാകുമെന്നതിനാൽ പദ്ധതി സംബന്ധിച്ച വിവരം ജനങ്ങളെ ബോധവൽക്കരിക്കുന്നതിനും, പദ്ധതിയുടെ പ്രാധാന്യത്തെയും ജനങ്ങളുടെ പങ്കാളിത്തത്തെയും കുറിച്ച് വിശദീകരിക്കുന്നതിനും, പദ്ധതിയെ സംബന്ധിച്ച ആശങ്കകൾ പരിഹരിക്കുന്നതിനും ആദ്യഘട്ട സർവ്വെയ്ക്കായി തെരഞ്ഞെടുത്ത 200 വില്ലേജുകളിലെ എല്ലാ വാർഡുകളിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ സ്പെഷ്യൽ ഗ്രാമ സഭകളായി സർവ്വെ സഭകൾ സംഘടിപ്പിച്ച് ഡിജിറ്റൽ സർവ്വെ പദ്ധതിയെപ്പറ്റി അവബോധം ജനങ്ങൾക്ക് നൽകിവരുന്നു. കൂടാതെ സർവ്വെ സംബന്ധമായ സംശയങ്ങൾക്ക് മറുപടി നൽകുന്നതിനായി **1800-4255-080** എന്ന ടോൾഫ്രീ നമ്പർ നൽകിയിട്ടുള്ളതും, ഡിജിറ്റൽ സർവ്വെ പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും പൊതു ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിന് "എന്റെ ഭൂമി" എന്ന ഓൺലൈൻ പോർട്ടലും സജ്ജീകരിച്ചിട്ടുള്ളതുമാണ്. കൂടാതെ സർവ്വെ |

| | | | |
|---|---|---|---|
| | | | ചെയ്യുന്ന വിവരം ഭൂവുടമസ്ഥരുടെ മൊബൈൽ ഫോണിൽ SMS ആയി നൽകുന്നതിനുള്ള സംവിധാനവും പദ്ധതിയുടെ ഭാഗമായി തയ്യാറാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ